വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനുള്ള റിസർവേഷൻ പട്ടികജാതിക്കാരോടൊപ്പം അർഹതയില്ല. പട്ടികജാതിവികസന വകുപ്പിൽനിന്നും നൽകുന്ന വേന നിർമ്മാണ വായ്പ, വ്യവസായ വായ്പ, വക്കീലൻമാർക്കു നൽകുന്ന ഗ്രാന്റ്, വായ്പ മുതലായവയ്ക്ക് മതപരിവർത്തനം ചെയ്തവരും അർഹരാണ്. കോസ്മോപ്പൊളിറ്റൻ ഹോസ്റ്റലിൽ 5 % സീറ്റ് അവർക്കായി നീക്കിവച്ചിട്ടുണ്ട്. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് ലാസ്റ്റ് ഗ്രേഡിൽ 2 % വും മറ്റുള്ള തസ്തികകളിൽ ഒരു ശതമാനവും നിയമനങ്ങളിൽ റിസർവേഷൻ നൽകിവരുന്നുണ്ട്.

കോട്ടൂർ ചോനമ്പാറ ഗിരിജൻ സ്കൂളിന് കെട്ടിടം പണിയാൻ നടപടി

1065 [1977] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ചോനമ്പാറ ഗിരിജൻ കേന്ദ്രത്തിലെ സ്കൂളിന് ഇപ്പോഴുള്ള കെട്ടിടം ഒരു ചെറക്കുടിലാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് ഒരു കെട്ടിടം നിർമ്മിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓലമേഞ്ഞ ഒരു താൽക്കാലിക ഷെഡ്ഡിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്.

(ബി) എൻ. ആർ. ഇ. പി. സ്കീമിലുൾപ്പെടുത്തി ഈ സ്കൂളിന് ഒരു സ്ഥിരം കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതീകരണം

1066 [1978] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ കക്കൂസ്, കുളിമുറി ഇവ കെട്ടുന്നതിനും വൈദ്യുതീകരണം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നതുപോലെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതിക്കാർക്കും ഈ വർഷം മുതൽ ഈ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കോളനികളിൽ കൂട്ടമായി താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു മാത്രമായിട്ടല്ല, അവിടവിടെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ലഭ്യമാകത്തക്ക വിധത്തിലാണ് കക്കൂസ്, കുളിമുറി ഇവ കെട്ടുന്നതിനും വൈദ്യുതീകരണം നടത്തുന്നതിനും ഇപ്പോൾത്തന്നെ ഡിപ്പാർട്ടുമെന്റ് സഹായം നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly